**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1109** **07-12-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിൽ ഒറവമ്പുറത്ത് തടയണ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ ഒറവമ്പുറത്ത് തടയണ നിർമ്മിക്കുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പഞ്ചായത്തിലെ ഒറുവമ്പുറം പാലത്തിന് താഴ്ഭാഗത്ത് കടലുണ്ടിപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിനായി പര്യവേഷണ പ്രവർത്തികൾ നടത്തുകയും ഐഡി ആർബിയിൽ നിന്നും ഡിസൈൻ ലഭിച്ചതുപ്രകാരം ഡി.എസ്.ആർ 2016 ഷെഡ്യൂൾ അനുസരിച്ച് 600 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന് ഡി.എസ്.ആർ 2018-ൽ 12% ജി.എസ്.ടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് 832 ലക്ഷം രൂപയ്ക്ക് പുതുക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 2022-23 ബഡ്ജറ്റിൽ വോള്യം II -ൽ ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ പേജ് 123-ൽ ക്രമനമ്പർ 2582 -ൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പ്രൈസ് 3-ൽ തയ്യാറാക്കികൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ